● ഇ.സി സൈമൺ മാസ്റ്റർ

# ഖുർആനിലെ ശാസ്ത്ര സൂചനകൾ

**ഈജിപ്തിലെ** ഫറോവയുടെ കാര്യത്തിൽ ഖുർആനിൽവന്ന ഒരു പ്രവചനം വിസ്മയകരമായ രീതിയിലാണ് ഈ അടുത്തകാലത്ത് പൂർത്തീകരിക്കപ്പെട്ടത്. ദൈവത്തിന്റെ അത്ഭുതാവഹമായ ശക്തി വിശേഷത്താൽ മൂസാനബി കാണിച്ച ദൃഷ്ടാന്തങ്ങളുടെ ഫലമായി ഇസ്രായേൽ ജനതയെ വാഗ്ദത്ത ഭൂമിയിലേക്കു പോകാൻ അനുവദിക്കുകയല്ലാതെ മറ്റു മാർഗമില്ലെന്നു വന്നപ്പോൾ അവരെ വിട്ടയച്ച ഫറോവ പിന്നീടു വാക്കുമാറ്റി ഇസ്രായേല്യരെ പിന്തുടർന്ന് അവരെ ആക്രമിക്കാനൊരുങ്ങി. എന്നാൽ ചെങ്കടൽ പിളർത്തി വഴിയുണ്ടാക്കി മൂസാനബി അവരെ രക്ഷപ്പെടുത്തിയപ്പോൾ ഫറോവയും സൈന്യവും കടൽ വെള്ളത്തിൽ മുങ്ങിത്താഴുകയായിരുന്നു. മരണത്തെ മുഖാമുഖം കണ്ടപ്പോൾ അവൻ വിശ്വാസിയായി മാറി. പക്ഷേ, അതുകൊണ്ടുമാത്രം ഫലം സിദ്ധിച്ചില്ല. സമയം ഏറെ വൈകിയിരുന്നു. അതിനെപ്പറ്റി ഖുർആൻ വിവരിക്കുന്നതിങ്ങനെ:

"ഇസ്രാഈൽ മക്കളെ നാം കടൽ കടത്തി. അപ്പോൾ ഫറോവയും അവന്റെ സൈന്യവും അക്രമിക്കാനും ദ്രോഹിക്കാനുമായി അവരെ പിന്തുടർന്നു. അങ്ങനെ മുങ്ങിച്ചാകുമെന്നായപ്പോൾ ഫറോവ പറഞ്ഞു: "ഇസ്രാഈൽ മക്കൾ വിശ്വസിച്ച അല്ലാഹുവല്ലാതെ വേറൊരു ദൈവമില്ലെന്ന് ഞാനിതാ വിശ്വസിച്ചിരിക്കുന്നു. ഞാൻ മുസ്‌ലിംകളിൽ പെട്ടവനാകുന്നു." അല്ലാഹു പറഞ്ഞു: "ഇപ്പോഴോ? ഇതുവരെയും നീ ധിക്കരിച്ച് ജീവിക്കുകയായിരുന്നു. നീ കുഴപ്പക്കാരിൽ പെട്ടവനായിരുന്നു. നിന്റെ ശേഷക്കാർക്ക് ഒരു പാഠമായിരിക്കാൻ വേണ്ടി ഇന്നു നിന്റെ ജഡത്തെ നാം രക്ഷപ്പെടുത്തും. സംശയമില്ല; മനുഷ്യരിലേറെപ്പേരും നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പറ്റി അശ്രദ്ധരാണ്" (10:90-92).

എല്ലാവിധ അക്രമങ്ങളും ചെയ്തു ജീവിച്ച അവന്റെ ആത്മാവിനെ രക്ഷപ്പെടുത്താതെ അനന്തര തലമുറകൾക്ക് പാഠവും ദൃഷ്ടാന്തവുമാക്കുന്നതിനുവേണ്ടി മൃതശരീരം മാത്രം രക്ഷപ്പെടുത്തുമെന്നായിരുന്നു അല്ലാഹുവിന്റെ വാഗ്ദാനം. അതനുസരിച്ച് ഫറോവയുടെ ജഡം 1898-ൽ ഈജിപ്തിലെ 'രാജാക്കന്മാരുടെ താഴ്‌വര' എന്നറിയപ്പെടുന്ന രാജകീയ ശവകുടീരങ്ങൾ സ്ഥിതിചെയ്യുന്ന തീബ്സിൽ (Thebes)നിന്ന് കണ്ടുകിട്ടുകയുണ്ടായി. പലവിധ പരിശോധനകൾക്കും വസ്തുതാന്വേഷണങ്ങൾക്കും ശേഷമാണ് അത് മൂസാനബിയുടെ കാലത്തെ ഫറോവയായിരുന്ന 'മെർനേപ്റ്റ' (Merneptah)യുടെ ഭൗതിക ശരീരം മമ്മി രൂപത്തിൽ ആക്കി വെച്ചതാണെന്നതിന് വിശ്വസനീയമായ തെളിവുകൾ ലഭിച്ചത്. ബി.സി 1224 മുതൽ 1214 വരെയായിരുന്നു ആ രാജാവിന്റെ ഭരണകാലമെന്നാണ് ഈജിപ്ഷ്യൻ ചരിത്ര രേഖകൾ പരിശോധിച്ച ചരിത്രകാരന്മാരുടെ അഭിപ്രായം. കയ്റോയിലെ ഈജിപ്ഷ്യൻ മ്യൂസിയത്തിലെ രാജകീയ മമ്മികൾ സൂക്ഷിച്ചിട്ടുള്ള മുറിയിൽ സന്ദർശകർക്ക് ഇപ്പോഴും ആ ഫറോവയുടെ ഭൗതിക ശരീരം കാണാൻ സൗകര്യമൊരുക്കിയിട്ടുള്ളതായി പറയപ്പെടുന്നു.

കണ്ടെടുക്കുന്നതിന് മൂവായിരം കൊല്ലത്തിലധികം കാലം ഈ ജഡം മമ്മി രൂപത്തിൽ ശവകുടീരത്തിൽ ആരും അറിയാതെ കിടക്കുകയായിരുന്നു. മൂസാനബിയുടെ പ്രവാചക പ്രവർത്തനത്തിന്റെ ആദ്യഘട്ടത്തിലെ ഏതാനും കൊല്ലങ്ങളിൽ ഈ രാജാവിന്റെ പിതാവായിരുന്ന റമേസ്സസ് രണ്ടാമൻ (Ramesses II) ആയിരുന്നു ഈജിപ്തിലെ ഫറോവ എന്നും ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

ശാസ്ത്രസംബന്ധമായി ബൈബിളിലും ഖുർആനിലും പരാമർശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ പരിശോധിച്ചാൽ ആധുനിക ശാസ്ത്ര സത്യങ്ങളുമായും കണ്ടുപിടിത്തങ്ങളുമായും കൂടുതൽ യോജിക്കുന്നത് ഖുർആനിലെ പ്രതിപാദനങ്ങളാണെന്നു കാണാം. ഗർഭധാരണവും ഗർഭസ്ഥ ശിശുവിന്റെ വളർച്ചയും മുതൽ പടുവാർധക്യാവസ്ഥയിലെ അന്ത്യംവരെ അതിൽ ഭംഗിയായി വിശദീകരിക്കപ്പെട്ടിരിക്കുന്നു. ഭ്രൂണശാസ്ത്രത്തിലും ശരീരശാസ്ത്രത്തിലുമുള്ള മനുഷ്യന്റെ വിജ്ഞാനം വർധിക്കുന്നതിനനുസരിച്ച് ഖുർആനിലെ തൽസംബന്ധമായ പരാമർശങ്ങൾ കൂടുതലായി ശരിവയ്ക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ശിശു രൂപം കൊള്ളുന്ന ഘട്ടം മുതൽ അനുക്രമമായുള്ള വളർച്ച ഖുർആൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

'മനുഷ്യനെ നാം കളിമണ്ണിന്റെ സത്തിൽനിന്നും സൃഷ്ടിച്ചു. പിന്നെ നാം അവനെ ബീജകണമാക്കി ഭദ്രമായ ഒരിടത്ത് സ്ഥാപിച്ചു. അനന്തരം നാം ആ ബീജത്തെ ഭ്രൂണമാക്കി മാറ്റി. പിന്നീട് ഭ്രൂണത്തെ മാംസക്കട്ടയാക്കി. അതിനുശേഷം മാംസത്തെ എല്ലുകളാക്കി. എല്ലുകളെ മാംസംകൊണ്ടു പൊതിഞ്ഞു. പിന്നീട് നാമതിനെ തീർത്തും വ്യത്യസ്തമായ ഒരു സൃഷ്ടിയായി വളർത്തിയെടുത്തു. ഏറ്റം നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണൻ തന്നെ. പിന്നെ, ഇനി ഉറപ്പായും നിങ്ങൾ മരിക്കേണ്ടവരാണ്. പുനരുത്ഥാന നാളിൽ തീർച്ചയായും നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുക തന്നെ ചെയ്യും (23:12-16). ഭൂമി, സൂര്യൻ, ചന്ദ്രൻ തുടങ്ങിയവയുടെ സഞ്ചാരമാർഗങ്ങളെയും ഭ്രമണപഥങ്ങളെയും പറ്റിയുള്ള ഖുർആൻ വിവരണങ്ങൾ ആധുനിക ജ്യോതിശാസ്ത്ര വിജ്ഞാനവുമായി തികച്ചും യോജിച്ചു പോകുന്നതാണ്. ആകാശ ഗോളങ്ങളുടെ ഭ്രമണപഥങ്ങളെപ്പറ്റി ഖുർആനിൽ ഇങ്ങനെ കാണുന്നു: 'രാപ്പകലുകൾ സൃഷ്ടിച്ചത് അവനാണ്. സൂര്യചന്ദ്രന്മാരെ പടച്ചതും അവൻതന്നെ. അവയൊക്കെയും ഓരോ സഞ്ചാര പഥത്തിൽ ചരിച്ചുകൊണ്ടിരിക്കുകയാണ്' (21:33).

ഭൂമി അതിന്റെ സഞ്ചാരപഥത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ അതിലുള്ള വസ്തുക്കളുമായി ഇളകി ചരിഞ്ഞു പോകാതിരിക്കാനാണ് ആഴത്തിലേക്ക് ആണി അടിച്ചു കയറ്റിയപോലെ അതിൽ ഭാരമുള്ള പർവതങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്ന് ഖുർആൻ പറയുന്നു. “നിങ്ങൾക്കു കാണാൻ കഴിയുന്ന തൂണുകളൊന്നുമില്ലാതെ അവൻ ആകാശങ്ങളെ സൃഷ്ടിച്ചു. ഭൂമിയിൽ ഊന്നി ഉറച്ച പർവതങ്ങളുണ്ടാക്കി. ഭൂമി നിങ്ങളെയുംകൊണ്ട് ഉലഞ്ഞു പോകാതിരിക്കാൻ. അതിലവൻ സകല ഇനം ജീവജാലങ്ങളെയും വ്യാപിപ്പിച്ചു. മാനത്തുനിന്നു മഴവർഷിച്ചു. അതുവഴി ഭൂമിയിൽ നാം സകലയിനം മികച്ച സസ്യങ്ങളെയും മുളപ്പിച്ചു” (31:10). കാറ്റ് മേഘങ്ങളെ ദൂരസ്ഥലങ്ങളിലേക്ക് അടിച്ചു കൊണ്ടുപോകുന്നതും മേഘങ്ങൾ ഘനീഭവിച്ച് മഴയായി പെയ്ത് നിർജീവമായ വരണ്ടഭൂമി പച്ചപിടിച്ച് സജീവമായി സസ്യജാലങ്ങളിൽനിന്ന് പലതരം കായ്കനികൾ ഉണ്ടാകുന്നതും മനുഷ്യർക്കും മൃഗങ്ങൾക്കും ആഹാരവും ജലവും ലഭിക്കുന്നതും ഖുർആൻ ആവർത്തിച്ചാവർത്തിച്ച് ഓർമപ്പെടുത്തുന്നു.

‘അല്ലാഹു മാനത്തുനിന്ന് മഴ വർഷിക്കുന്നത് നീ കാണുന്നില്ലേ? അതുവഴി നാനാനിറമുള്ള പലയിനം പഴങ്ങൾ നാം ഉൽപാദിപ്പിക്കുന്നു (35:27).

പ്രക്ഷുബ്ധമായ സമുദ്രം അതിശക്തിയായി തിരമാലകളടിച്ച് ഇളക്കിക്കൊണ്ടിരുന്നിട്ടും കടലിലെ ഉപ്പുവെള്ളവും നദിയിലെ ശുദ്ധജലവും കൂടിക്കലരാതെ രണ്ടും തമ്മിൽ വേർ തിരിച്ചു നിർത്തുന്ന അദൃശ്യശക്തിയെ പറ്റിയും ഖുർആനിൽ വിവരണമുണ്ട്. ‘രണ്ടു സമുദ്രങ്ങളെ സംയോജിപ്പിച്ചതും അവനാണ്. ഒന്നിൽ ശുദ്ധമായ തെളിനീരാണ്. രണ്ടാമത്തേതിൽ ചവർപ്പുള്ള ഉപ്പുവെള്ളവും. അവക്ക് രണ്ടിനുമിടയിൽ അവനൊരു മറയുണ്ടാക്കിയിരിക്കുന്നു. ശക്തമായ തടസ്സവും’ (25:53). ഭൂമിയിലുള്ള സർവജീവികളും സസ്യലതാദികളും ആണും പെണ്ണുമെന്ന ജോഡികളായി കാണപ്പെടുന്നത് അത്ഭുതാവഹമായ സൃഷ്ടിവൈഭവം പ്രകടമാക്കുന്നതും ചിന്താർഹവുമാണെന്ന് ഖുർആൻ ആവർത്തിക്കുന്നത്.

ഒരേ മണ്ണും വെള്ളവും വളവും വായുവും നൽകിയിട്ടും വിവിധതരം സസ്യങ്ങളിൽനിന്ന് രുചിയിലും മണത്തിലും നിറത്തിലും ഗുണത്തിലും വൈവിധ്യമുള്ള കായ്കളും പഴങ്ങളും ഉണ്ടാക്കുന്നതിനുള്ള കഴിവ് ആധുനിക കൃഷിശാസ്ത്രം ഇന്നും സ്വായത്തമാക്കിയിട്ടില്ല. “ഭൂമിയിൽ അടുത്തടുത്തുള്ള ഖണ്ഡങ്ങളുണ്ട്. മുന്തിരിത്തോപ്പുകളുണ്ട്. കൃഷിയുണ്ട്. ഒറ്റയായും കൂട്ടായും വളരുന്ന ഈത്തപ്പനകളുണ്ട്. എല്ലാറ്റിനെയും നനക്കുന്നത് ഒരേവെള്ളമാണ്. എന്നിട്ടും ചില പഴങ്ങളുടെ രുചി മറ്റു ചിലതിന്റേതിനേക്കാൾ നാം വിശിഷ്ടമാക്കിയിരിക്കുന്നു. ചിന്തിക്കുന്ന ജനത്തിന് ഇതിലൊക്കെയും ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്’ (13:4). ‘ഭൂമിയിൽ മുളച്ചുണ്ടാകുന്ന സസ്യങ്ങൾ, മനുഷ്യവർഗം, മനുഷ്യർക്കറിയാത്ത മറ്റനേകം വസ്തുക്കൾ എല്ലാറ്റിനെയും ഇണകളായി സൃഷ്ടിച്ച അല്ലാഹു എത്ര പരിശുദ്ധൻ’ (36:36).

സൂര്യചന്ദ്ര ആകാശഗോളങ്ങൾ നിശ്ചിത വേഗത്തിലും അകലത്തിലും കൃത്യമായി സഞ്ചരിക്കുന്നത് അല്ലാഹുവിന്റെ കൽപനയനുസരിച്ചാണ്. അതിനെപ്പറ്റി ഖുർആൻ പറയുന്നു: ‘സൂര്യൻ അതിന്റെ സങ്കേതത്തിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പ്രതാപിയും എല്ലാമറിയുന്നവനുമായ അല്ലാഹുവിന്റെ സൂക്ഷ്മമായ പദ്ധതിയനുസരിച്ചാണിത്. ചന്ദ്രനെ എത്തിപ്പിടിക്കാൻ സൂര്യന് സാധ്യമല്ല. പകലിനെ മറികടക്കാൻ രാവിനുമാകില്ല. ഓരോന്നും നിശ്ചിത ഭ്രമണപഥത്തിൽ നീന്തിത്തുടിക്കുകയാണ്’ (36:38-40). ആകാശത്തിൽ അനവധി സഞ്ചാരപഥങ്ങളുള്ളതായി ഖുർആൻ സൂചിപ്പിക്കുന്നു. ‘വിവിധ സഞ്ചാര പഥങ്ങളുള്ള ആകാശം സാക്ഷി’ (51:7). റേഡിയോ വീചികൾ, ടെലിവിഷൻ ചാനലുകൾ, ഉപഗ്രഹങ്ങൾ ഉപയോഗിച്ചുള്ള വാർത്താ വിതരണ മാർഗങ്ങൾ, വിമാന സഞ്ചാര മാർഗങ്ങൾ, ഗോളാന്തരങ്ങളിലേക്കുള്ള റോക്കറ്റ് സഞ്ചാര മാർഗങ്ങൾ മുതലായവയെല്ലാം സൂചിപ്പിച്ചാവാം ഈ ഖുർആൻ സൂക്തം.

ലോകത്തിലേറ്റവും അധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥം ബൈബിളാണെങ്കിൽ ഏറ്റവും കൂടുതൽ പതിവായി പാരായണം ചെയ്യപ്പെടുന്ന കൃതിയാണ് ഖുർആൻ. മൂലഭാഷയായ അറബിയിൽത്തന്നെയാണ് അധികമാളുകളും ഖുർആൻ വായിക്കുന്നതെന്ന സവിശേഷതയും അതിനുണ്ട്. വീടുകളിലെ വായനക്കു പുറമെ പള്ളിയിൽ പോകുന്നവർ അൽപസമയമെങ്കിലും ഖുർആൻ വായിക്കുകയെന്നത് മുസ്‌ലിംകൾ ഒരു ശീലമാക്കി മാറ്റി. അറബി ഭാഷയിലെ ഗ്രന്ഥം മാത്രമേ ഖുർആൻ എന്ന നിലയിൽ മുസ്‌ലിംകൾ അംഗീകരിക്കുന്നുള്ളൂ. മറ്റു ഭാഷകളിലേക്കുള്ള പരിഭാഷകൾ എത്രതന്നെ മികച്ചതായാലും അവയൊന്നും അറബിമൂലത്തോട് ആശയത്തിലോ അർഥവ്യാപ്തിയിലോ ശബ്ദഭംഗിയിലോ ഒപ്പമെത്തുന്നതാവില്ലെന്നാണ് മുസ്‌ലിം വിശ്വാസം. ഭാഗികമായോ പൂർണമായോ ഖുർആൻ ഹൃദിസ്ഥമാക്കിയവർ ധാരാളമുണ്ട് ലോകത്താകമാനം നോക്കിയാൽ. ബൈബിൾ ഉൾപ്പെടെ മറ്റു ഗ്രന്ഥങ്ങൾക്കൊന്നും അവകാശപ്പെടാൻ കഴിയാത്തതാണ് ഈ പ്രത്യേകത.

മനുഷ്യ മനസ്സിനെയും ജീവിതത്തെയും മലീമസമാക്കിയിരുന്ന അനവധി സാമൂഹിക തിന്മകളെ ദൂരീകരിച്ച് ഇസ്‌ലാം മനുഷ്യ ജീവിതത്തെ നന്മയിലേക്ക് കൂടുതൽ ഉയർത്തി. ജീവിതത്തിന്റെ എല്ലാ മേഖലകളും സമൂലം പരിഷ്കരിച്ചു. സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും മനുഷ്യന്റെ ജന്മാവകാശമായി ഖുർആൻ പഠിപ്പിച്ചു. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടാൻ പാടില്ലെന്നു പ്രഖ്യാപിച്ചു. എല്ലാവിധ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഖുർആൻ എതിർത്തു. മനുഷ്യനും മനുഷ്യനും തമ്മിൽ വിവേചനം പാടില്ലെന്ന് അതു വിലക്കി. മത സഹിഷ്ണുതയും പരസ്പര സ്നേഹവും അനിവാര്യമെന്നുപദേശിച്ചു. ഇഹത്തിലും പരത്തിലും സമാധാനത്തിലേക്കും സന്തോഷത്തിലേക്കും നയിക്കുന്ന മാർഗം ഖുർആൻ ചൂണ്ടിക്കാട്ടി.

അങ്ങനെ എല്ലാ വിധത്തിലും ഒരു പുത്തൻ സംസ്കാരത്തിലേക്കു വഴി കാണിച്ചുകൊണ്ട് ഖുർആനിൽ അല്ലാഹു പ്രഖ്യാപിച്ചു: ‘ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിതന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടുതന്നിരിക്കുന്നു’ (5:3). ജനഹൃദയങ്ങളിൽ ചെലുത്തുന്ന സ്വാധീനതയുടെ കാര്യത്തിലായാലും ഖുർആൻ തന്നെയാവും ഒന്നാം സ്ഥാനത്ത്. ഏതൊരു പ്രധാനകാര്യം ചെയ്യുമ്പോഴും അതിനെ സംബന്ധിച്ച ഖുർആൻ കൽപന എന്താണെന്നും നബിയുടെ മാതൃക എന്തായിരുന്നുവെന്നും മുസ്‌ലിംകൾ അന്വേഷിക്കുന്നു. ജീവിത മാതൃകയിൽ മുഹമ്മദ് നബിയോളം അനുകരിക്കപ്പെടുന്ന മറ്റൊരു മഹാൻ ഈ ഭൂമിയിൽ ജന്മം കൊണ്ടിട്ടില്ല. അദ്ദേഹം എന്തു പറഞ്ഞു എന്തു ചെയ്തു എങ്ങനെ പ്രവർത്തിച്ചു എന്നത് എന്നും എല്ലാ രാജ്യത്തും മുസ്‌ലിംകൾക്ക് മാർഗദർശകവും അനുകരണാർഹവുമാണ്. അക്കാര്യത്തിലും ബൈബിളിന്റെയും യേശുവിന്റെയും മുന്നിൽ നിൽക്കുന്നത് ഖുർആനാണ്.

(അവസാനിച്ചു)